സ്റ്റേറ്റിന്റെ അഭിമാന പ്രശ്നമാണ് ആ സ്ഥാപനം. അതുകൊണ്ട് 2005-ലെ ഈ ഓർഡർ കാൻസൽ ചെയ്തുകൊണ്ട് 2004-ൽ ഗവൺമെന്റ് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുത്ത് അവിടെ വിദ്യാർത്ഥികളെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രിയങ്കരനായ വിദ്യാഭ്യാസ മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്..

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): കഴക്കൂട്ടം സൈനിക സ്കൂൾ അഖിലേന്ത്യാ സൈനിക സ്കൂൾ സൊസൈറ്റിയുടെ കീഴിലാണ് നടത്തുന്നത്. ഫീസ് ഷെയറിംഗാണ്. കുട്ടിയിൽനിന്നും ഈടാക്കേണ്ട ഫീസ് 14,000 രൂപ. അതിൽ കേന്ദ്ര വിഹിതം 2,000 രൂപ സംസ്ഥാന വിഹിതം 2,500 രൂപ. രക്ഷിതാക്കളുടെ വിഹിതം 9,500 രൂപ--ഈ നിലയിലാണ്. ഓരോ വർഷവും 10 ശതമാനം വർദ്ധനവുണ്ടാകുന്നതാണ്. സ്റ്റേറ്റ് ഗവണ്മെന്റിന്റെ ഷെയർ ശരിക്കും കൊടുക്കേണ്ടത് 8,500 രൂപയാണ്. നമ്മൾ ഇപ്പോൾ 14,000 രൂപ കൊടുക്കുന്നുണ്ട്. ശ്രീ. പി.സി. ജോർജ് പറഞ്ഞ പ്രശ്നം, സ്കോളർഷിപ്പിന്റേയും ഫീസിന്റേയും രണ്ടും ഒരുമിച്ചാണ് പറയുന്നത്. 14,000 രൂപ ഇപ്പോൾത്തന്നെ ഗവണ്മെന്റ് കൊടുക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞ കാര്യം ശരിയാണ്. സൈനിക സ്കൂൾ എന്നുള്ള നിലയിൽ കുറച്ചുകൂടി വർദ്ധനവ് വച്ച് എങ്ങനെ അവരുടെ പ്രശ്നം പരിഹരിക്കാമെന്ന കാര്യം ഗവണ്മെന്റ് ഗൗരവമായിട്ട് നോക്കിവരുന്നു. ഞാൻ പ്രിൻസിപ്പാളിനേയും ബന്ധപ്പെട്ട എല്ലാ പേരേയും വിളിച്ചുകൂട്ടി അഭിക്കബിളായി സെറ്റിൽമെന്റുണ്ടാക്കാൻ ശ്രമിക്കും.

(7) ലോറികളുടെ മൽസരയോട്ടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം

ശ്രീ. വി. കെ. ചന്ദ്രൻ: സർ, തൃത്താല മേഖലയിൽ ഭാരതപ്പുഴയിൽനിന്നും മണൽ എടുക്കുന്നതിനായി വിവിധ ജില്ലകളിൽനിന്നും വരുന്ന ലോറികളുടെ അമിത വേഗത്തിലുള്ള മൽസരഓട്ടത്തിന്റെ ഭാഗമായി ദിനംപ്രതി അപകടങ്ങൾ ഉണ്ടാകുകയാണ്. ഇക്കഴിഞ്ഞ മാർച്ചുമാസം ഒന്നാംതീയതി തൃത്താലയിലെ കണ്ണന്നൂർ പ്രദേശത്തുണ്ടായ ലോറി അപകടത്തിൽ വഴിയാത്രക്കാരായിരുന്ന ഒരു കുടുംബത്തിലെ അച്ഛൻ (കുട്ടമണി 52 വയസ്സ്) മകൻ (സുരേഷ് ബാബു 23 വയസ്സ്) എന്നിവരും രണ്ട് മാസത്തിനുമുമ്പ് ഞാങ്ങാട്ടിരിയിൽ ഉണ്ടായ അപകടത്തിന്റെ ഭാഗമായി അയൽവാസികളായ മൂന്ന് ആളുകൾ (രാധാകൃഷ്ണമേനോൻ 58 വയസ്സ്, സജി 18 വയസ്സ്, സുജിമോൻ 20 വയസ്സ്) എന്നിവരും കൊല്ലപ്പെട്ടു. ഇവർ ഓരോരുത്തരും ഓരോ കുടുംബത്തിന്റെ നാഥൻമാരാണ്. ഇവരുടെ മരണത്തെത്തുടർന്ന് ആ കുടുംബങ്ങൾ അനാഥമായിരിക്കുകയാണ്. ഇവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിന് പരമാവധി സാമ്പത്തിക സഹായം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വാഹനങ്ങളുടെ മൽസര ഓട്ടത്തിന്റെ ഭാഗമായി വല്ലാത്ത ദുരന്തമാണുണ്ടാകുന്നത്. കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയുന്നില്ല. വഴിയാത്രക്കാർക്ക് റോഡിലിറങ്ങി നടക്കാൻ കഴിയുന്നില്ല. വീട്ടിൽനിന്നും ഇറങ്ങിയാൽ ജീവനോടെ വീട്ടിൽ തിരിച്ചെത്തുമെന്ന് ഒരാൾക്കും പ്രതീക്ഷിക്കാൻ കഴിയുന്നില്ല. തൃത്താല-ചാലിശ്ശേരി പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിന് പോലീസുകാരില്ലാത്ത പ്രശ്നമുണ്ട്. വാഹനങ്ങൾ അമിതവേഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന സെന്ററുകളിൽ വാഹനങ്ങൾ നിയന്ത്രിക്കുന്നതിന് പോലീസുകാരെ നിയോഗിക്കണമെന്നാവശ്യപ്പെടുമ്പോൾ ആവശ്യത്തിന് ജീവനക്കാരില്ലെന്ന പരാതിയാണ് അവരുടെ ഭാഗത്തുനിന്നും വരുന്നത്. അതുകൊണ്ട് നദിയുടെ തീരങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിന് പോലീസുകാരെ നൽകി ആ പ്രദേശത്തുള്ള ജനങ്ങളെ സഹായിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിരമായി നടപടി സ്വീകരിക്കണം. കൂടാതെ മരിച്ച ആളുകളുടെ കുടുംബങ്ങൾക്ക് പരമാവധി സാമ്പത്തിക സഹായം അനുവദിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ നിർഭാഗ്യകരമായ കാര്യമാണ്. ഒരു മാസത്തിനിടയിൽ 5 പേർ റോഡപകടങ്ങളിൽ ഒരു പ്രദേശത്തുതന്നെ മരണമടയാൻ ഇടയായ സാഹചര്യമാണുണ്ടായത്. നമ്മുടെ സംസ്ഥാനത്ത് വാഹനാപകടങ്ങൾ പൊതുവേ വർദ്ധിച്ചുവരികയാണ്. അത് പരമാവധി ഒഴിവാക്കാൻ വേണ്ടിയുള്ള പല നടപടികളും ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. ജനങ്ങളുടെ സഹകരണത്തോടുകൂടി അത് കുറേക്കൂടി കർക്കശമായിട്ട് മുന്നോട്ടു കൊണ്ടു പോകണമെന്നാണ് ആഗ്രഹിക്കുന്നത്. മണൽ വാരലുമായി ബന്ധപ്പെട്ട ലോറികളാണ് അവിടെ ഏറ്റവും വേഗത്തിൽ പോകുന്നത്. അത് നിയന്ത്രിക്കുന്നതിന് പോലീസ് സേനയിൽ ആവശ്യമായ സ്ട്രെംഗ്ത് അവിടെയില്ല. അത് നൽകുന്നതിനുള്ള നടപടി ഉടനെതന്നെ എടുക്കും. അതുകൊണ്ട് സാങ്ഷണ്ട് സ്ട്രെംഗ്ത് ഇല്ലെങ്കിൽ അത് ഉടനടി നൽകുന്നതിനുള്ള ഏർപ്പാട് എടുക്കും. മരിച്ച 5 പേരുടേയും ബന്ധുക്കൾക്ക് 30,000 രൂപ വച്ച് കൊടുക്കാൻ നിർദ്ദേശം നൽകുന്നതാണ്.

V (a) ക്രമപ്രശ്നം

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സഭയിൽ തെറ്റായ പ്രസ്താവന നടത്തിയെന്ന ആരോപണം നടത്തി എന്നത് സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്: സർ, ഇന്നലെ ഫിനാൻസ് ബിൽ ചർച്ച നടന്നു കൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ലോട്ടറി ബിൽ സഭയിൽ സർക്കുലേറ്റ് ചെയ്തു, എനിക്ക് അത് കിട്ടി എന്ന് പറയുകയുണ്ടായി. സത്യവിരുദ്ധമായ പ്രസ്താവന ഒരു മന്ത്രി നിയമസഭയിൽ നടത്തിയാൽ ചട്ടപ്രകാരം ചെയ്യേണ്ടതെന്താണെന്ന് നല്ല ബോധമുള്ള വനാണ് ഞാൻ. നിയമമൊക്കെ എനിക്കറിയാം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്പീക്കറായിരുന്ന ആളാണ്, പല പ്രാവശ്യം മന്ത്രിയായിരുന്ന അളാണ്. എങ്കിലും അദ്ദേഹം മനപ്പൂർവ്വം അത് പറഞ്ഞതാണെന്ന് എനിക്ക് സംശയം തോന്നി. കാരണം ചൂതാട്ട നിരോധന ബിൽ ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അതാണെന്ന് തെറ്റിദ്ധരിച്ചാണോ ലോട്ടറി ബില്ലിനെക്കുറിച്ച് അദ്ദേഹം ഇവിടെ പറഞ്ഞത് എന്നറിയില്ല. സംശയം ഉള്ളതുകൊണ്ടാണ് സബ്മിഷനിലൂടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഞാൻ മനസ്സിലാക്കിയിടത്തോളം അദ്ദേഹം സർക്കുലേറ്റ് ചെയ്തത് എനിക്ക് കിട്ടി എന്ന് പറഞ്ഞതാണ് ഇവിടത്തെ പ്രശ്നം. ഇന്നലെ വളരെ വിശദമായി ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിനോട് അന്വേഷിക്കാൻ ഇടയായി. എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ഇംഗ്ലീഷിലുള്ള കോപ്പി ലെജിസ്ലേച്ചറിന്

LIBRARY ARCHIVES Kerala Legislative Assembly